# ‘ദൈവനാമം മാത്രം മഹത്വപ്പെടട്ടെ’

## സങ്കീർത്തനം 115:1

‘‘ഞങ്ങൾക്കല്ല യഹോവേ, ഞങ്ങൾക്കല്ല നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിനു തന്നേ മഹത്വം വരുത്തണമേ.’’

ദൈവവേല ചെയ്യുന്ന നിരവധി വ്യക്തി ജീവിതങ്ങൾ ഇന്നു നമ്മുടെ സമൂഹത്തിൽ കാണാവുന്നതാണ്. ഒരു സുവിശേഷകനെ സംബന്ധിച്ചിടത്തോളം താൻ ചെയ്യുന്ന ഏതു പ്രവൃത്തിയും ദൈവനാമ മഹത്വത്തിനു മാത്രമായിരിക്കണം. മറിച്ച് അവന്റെയുള്ളിൽ ലോകമെന്നെ അറിയണമെന്നും മാനിക്കണമെന്നുമുള്ള മനോഭാവമാണെങ്കിൽ അതിലൂടെ ദൈവനാമം മഹത്വപ്പെടുവാൻ സാധിക്കുകയില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന സങ്കീർത്തനം നാം തുടർന്നു വായിക്കുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യം എന്തെന്നാൽ തന്റെ ചുറ്റുമുള്ള ദൈവത്തെ അറിയാത്ത ജാതികളിൽ നിന്നും താൻ വേദനയനുഭവിക്കുന്നുണ്ട് എന്നുള്ളതാണ്. നമ്മുടെയും ജീവിതത്തിൽ ചില വിഷയങ്ങളിൽ നാം പ്രാർത്ഥിക്കുന്നവരായിരിക്കാം. എന്നാൽ മറുപടി വൈകുമ്പോൾ ചുറ്റുപാടുമുള്ള അവിശ്വാസികൾ നമ്മെ കളിയാക്കിയെന്നും പരിഹസിച്ചെന്നുമൊക്കെ വന്നേക്കാം. അങ്ങനെയൊരു സാഹചര്യത്തിൽ അവർക്കെതിരെ ചിന്തിക്കുവാനും പ്രാർത്ഥിക്കുവാനുമല്ല, മറിച്ച് ദൈവനാമം മാത്രം മഹത്വപ്പെടെണമെന്നുള്ള ഒരു പ്രാർത്ഥനയാണ് നമ്മിൽ നിന്നുമുണ്ടാവേണ്ടത്.

ഇപ്രകാരം ആത്മാർത്ഥമായി നാം പ്രാർത്ഥിക്കുന്നുവെങ്കിൽ നാമായിരിക്കുന്ന ഏതു സാഹചര്യത്തിലും ദൈവത്തിന്റെ പ്രവൃത്തി വെളിപ്പെട്ടു വരുവാൻ ഇടയായിത്തീരും. യോഹന്നാൻ എഴുതിയ സുവിശേഷം 11:4 ഇപ്രകാരമാണ് പറയുന്നത്. യേശു അത് കേട്ടിട്ട്; ഈ ദീനം മരണത്തിനായിട്ടല്ല, ദൈവപുത്രൻ മഹത്വപ്പെടേണ്ടതിനു, ദൈവത്തിന്റെ മഹത്വ ത്തിനായിട്ടത്രെ എന്നു പറഞ്ഞു.

ലാസർ എന്ന വ്യക്തി കർത്താവിന് ഏറ്റവും പ്രിയനായിരുന്നവൻ ദീനമായി കിടക്കുന്നു എന്നറിഞ്ഞപ്പോൾ കർത്താവ് പറഞ്ഞ മറുപടിയാണിത്. ലാസറിന്റെ രോഗവിവരം അറിഞ്ഞിട്ടും താൻ ഇരുന്ന സ്ഥലത്ത് രണ്ടു ദിവസംകൂടി പാർത്തശേഷമാണ് കർത്താവ് ലാസറിന്റെയടുക്കലേക്ക് പോകുന്നത്. എന്നാൽ കർത്താവ് അവിടെയെത്തുമ്പോഴേക്കും ലാസർ മരിച്ച് നാലുദിവസം ആയിരുന്നു എന്ന് നാം വായിക്കുന്നു. എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട ലാസറിന്റെ സഹോദരിമാരോട് കർത്താവ് പറയുന്നു: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും.

ഈ വാക്കുകളിലൂടെയും കർത്താവ് നമ്മെ പഠിപ്പിക്കുന്ന ഒരു വലിയ പാഠമെന്തെന്നാൽ ''കർത്താവു പോലും തന്നെ അയച്ച പിതാവിന്റെ മഹത്വം ആഗ്രഹിക്കുകയാണ്.''

പ്രിയദൈവപൈതലേ ഇന്നു നിന്റെ കരങ്ങളിൽ ചെറുതോ വലുതോ ആയ ഏതെങ്കിലും ഒരു ശുശ്രൂഷ ദൈവം തന്നിട്ടുണ്ടെങ്കിൽ അത് നേരോടെ വിശ്വസ്തതയോടെ ചെയ്യുവാനും അതിലൂടെ ദൈവനാമം മാത്രം മഹത്വപ്പെടണമെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവാനും സംഗതിയാവട്ടെ. മനുഷ്യർക്ക് വിളങ്ങേണ്ടതിന് ദൃഷ്ടി സേവകളല്ല മറിച്ച് സ്വർഗ്ഗത്തിലേ ദൈവത്തിന്റെ നാമം മഹത്വപ്പെടുവാൻ ഇടയാവട്ടെ. ഒരു കരംകൊണ്ട് കൊടുക്കുന്നത് മറുകരം അറിയരുതെന്ന് പഠിപ്പിച്ച നല്ല കർത്താവിന്റെ നാമം മാത്രം മഹത്വപ്പെടുവാൻ ഇടയാവട്ടെ. അതിനായി ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :
യോഹന്നാൻ 8:54

''ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നതു എന്റെ പിതാവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു.''

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 041